ഉത്തരം

(എ) യും (ബി) യും.

പരിശീലന സന്ദർശന പരിപാടിയനുസരിച്ച് ലക്ഷ്യമിട്ടിരുന്ന കൃഷി ആഫീസുകളെല്ലാം ഇതിനോടകം തുടങ്ങിക്കഴിഞ്ഞു. അതുകൊണ്ട് ഈ പദ്ധതിയനുസരിച്ച് പുതിയ കൃഷി ആഫീസുകളൊന്നും തുടങ്ങാൻ ഉദ്ദേശമില്ല.

(സി) കുട്ടനാട് പ്രദേശത്ത് ആലപ്പുഴ, അമ്പലപ്പുഴ, ഇടത്വാ, വെളിയനാട്, പുളിങ്കുന്നം, നീലംപേരൂർ, നെടുമുടി എന്നീ ഏഴ് കൃഷി വികസന ആഫീസുകളും ഇപ്പോഴത്തന്നെ പ്രവർത്തിച്ചു വരുന്നുണ്ട്. അതുകൊണ്ട് പുതുതായി കൃഷിആഫീസ് തുടങ്ങാൻ ഉടനെ ഉദ്ദേശമൊന്നുമില്ല.

കാർഷികോൽപ്പന്ന വിപണന പദ്ധതി

1229. [1672] ശ്രീ. കെ. സി. ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) കേരളാടിസ്ഥാനത്തിൽ ഒരു കാർഷിക ഉൽപ്പന്ന വിപണന പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് ഗവൺമെൻറ് എടുത്തിട്ടുള്ളത് ;

(ബി) ഈ പദ്ധതിയുടെ വിശദവിവരം നൽകാമോ ;

(സി) ഈ പദ്ധതിക്കുവേണ്ടി ഇതുവരെ എന്തു തുക ചിലവായി ?

ഉത്തരം

(എ) ലോകബാങ്കിന്റെ സഹായത്തോടുകൂടി നടപ്പാക്കുന്നതിന് ഒരു പദ്ധതി തയ്യാറാക്കി കേന്ദ്ര ഗവൺമെൻറിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) കാർഷികോൽപ്പന്നങ്ങൾ കേട് കൂടാതെ സൂക്ഷിക്കുന്നതിനും സംസ്കരിക്കുന്നതിനും വിപണനം ചെയ്യുന്നതിനും ഉള്ള സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടിയാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

(സി) കേന്ദ്ര സർക്കാരിന്റേയും ലോകബാങ്കിന്റെയും അംഗീകാരം കിട്ടിയതിനുശേഷമേ പദ്ധതി നടപ്പാക്കാൻ സാധിക്കുകയുള്ളൂ.

നെല്ല്, കപ്പ എന്നിവയുടെ ഉല്പാദനം

1230. [1673] ശ്രീ. സി. ടി. കൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ ;

(എ) സംസ്ഥാനത്ത് 1980 മുതൽ 1984 വരെ ഓരോ കൊല്ലവും ഉല്പാദിപ്പിക്കപ്പെടുന്ന നെല്ല്, കപ്പ, എന്നിവയുടെ കണക്ക് വ്യക്തമാക്കുമോ ;

(ബി) നെല്ല്, കപ്പ എന്നീ അടിസ്ഥാന കൃഷ്യവിളകളുടെ ഉല്പാദനം കൂടുകയാണോ കുറയുകയാണോ ചെയ്തിട്ടുള്ളതെന്നു വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly